പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2064

11-02-2020 - ൽ മറുപടിയ്ക്ക്

## ജനകീയ ദുരന്ത പ്രതിരോധസേന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ദാസൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.വി.കെ.പ്രശാന്ത്** | **പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പിൻ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി ജനകീയ ദുരന്ത പ്രതിരോധസേന (സിവിൽ ഡിഫൻസ് ഫോഴ്സ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) 30-08-2019ലെ സ.ഉ.(കൈ) നം.132/2019/ ആഭ്യന്തരം, സ.ഉ.(കൈ) നം.133/2019/ ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് അഗ്നിരക്ഷാ വകുപ്പിനു കീഴിൽ സിവിൽ ഡിഫൻസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന വേളകളിൽ അടിയന്തര സേവനങ്ങൾ നൽകുന്നതിനുള്ള എന്തെല്ലാം പരിശീലനങ്ങളാണ് പ്രസ്തുത സേനയ്ക്ക് നൽകി വരുന്നത്; വിശദീകരിക്കുമോ; | ബി) സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് സ്റ്റേഷൻതലം, ജില്ലാതലം, സംസ്ഥാന തലം എന്നിങ്ങനെ മൂന്നു തലങ്ങളിലായി പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സ്റ്റേഷൻതല പരിശീലനം ആരംഭിച്ചു. അടിസ്ഥാന ഫസ്റ്റ് എയ്ഡ് കോഴ്സ്, ഫ്ളഡ് റെസ്ക്യൂ ട്രെയിനിംഗ്, റിസ്ക് റസ്പോൺസ് ട്രെയിനിംഗ്, ട്രെയിനിംഗ് ഓൺ ഫയർ ഫൈറ്റിംഗ്, സർച്ച് ആന്റ് റെസ്ക്യൂ ട്രെയിനിംഗ്, ഡിസാസ്റ്റർ പ്രിവൻഷൻ ആന്റ് പബ്ലിക്ക് ഹെൽത്ത്കെയർ ട്രെയിനിംഗ് എന്നീ വിഷയങ്ങളിലാണ് പരിശീലനങ്ങൾ നൽകിവരുന്നത്. |
| സി) ഏതെല്ലാം മേഖലകളിൽ നിന്നുള്ള വരെയാണ് ജനകീയ ദുരന്ത പ്രതിരോധ സേനയിൽ ഉൾപ്പെടുത്തു ന്നതെന്നും ഇവരെ തെരഞ്ഞെടുക്ക | സി) സമൂഹത്തിലെ വിവിധ മേഖലകളിൽ (ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ഉള്ളവർ, ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫുകൾ |

ന്നത് ആരാണെന്നും അറിയിക്കാമോ;

എഞ്ചിനിയർമാർ തുടങ്ങിയവർ) വൈദഗ്ദ്യമുള്ളവരും ശാരീരികവും മാനസികവുമായ കാര്യക്ഷമത ഉള്ളവരും നാലാം ക്ലാസ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത ഉള്ളവരും പ്രതിഫലേച്ഛയില്ലാതെ സേവന സന്നദ്ധരായി പ്രവർത്തിക്കാൻ താല്പര്യമുള്ള ആളുകളിൽ നിന്നും ജില്ലാ ഫയർ ഓഫീസർമാരാണ് ജനകീയ ദുരന്ത പ്രതിരോധസേനയിലേയ്ക്ക് ആൾക്കാരെ തെരഞ്ഞെടുക്കുന്നത്.

ഡി) പ്രസ്തുത പ്രതിരോധസേനയിൽ സ്ത്രീകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഡി) ഉണ്ട്. ഒരോ യൂണിറ്റിലും 30% പേർ എങ്കിലും വനിതകളായിരിക്കും.

സെക്ഷൻ ഓഫീസർ